**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 228** **25-06-2024 - ൽ മറുപടിയ്ക്ക്**

**ചിത്രാഞ്ജലി സ്റ്റുഡിയോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ അന്തർദേശീയ നിലവാരത്തിലുള്ളതാക്കി മാറ്റാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ചിത്രാഞ്ജലി സ്റ്റുഡിയോ അന്തർദേശീയ നിലവാരത്തിലാക്കുവാൻ ‘Modernization of Chitranjali Studio’ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കിഫ്ബി മുഖേനയാണ് പദ്ധതിയ്ക്ക് ഫണ്ട് അനുവദിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി അറ്റ്മോസ് സൗണ്ട് മിക്സിംഗ് തിയേറ്റർ, ഡബ്ബിംഗ് സ്യൂട്ടുകൾ, എഫക്ട്സ്-ഫോളി സ്റ്റുഡിയോ, എഡിറ്റിംഗ് സ്യൂട്ടുകൾ, ഡിജിറ്റൽ ഇന്റർമീഡിയറ്റ് സ്യൂട്ടുകൾ, ഇക്യുപ്മെന്റ് സ്റ്റോറേജ് ഏരിയ, ഗ്രീൻമാറ്റ് സ്റ്റുഡിയോ, കാന്റീൻ എന്നിവയുടെ നിർമ്മാണവും ഷൂട്ടിംഗ് ഫ്ളോറുകളുടെ നവീകരണവും പുരോഗമിക്കുന്നു. ഡിജിറ്റൽ ക്യാമറകൾ, ലെൻസുകൾ, ലൈറ്റുകൾ, മറ്റ് ഷൂട്ടിംഗ് ഉപകരണങ്ങൾ, ഔട്ട്ഡോർ യൂണിറ്റ് വാഹനങ്ങൾ എന്നിവ വാങ്ങുന്നതും ആദ്യഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ചിത്രാഞ്ജലി സ്റ്റുഡിയോ മലയാള ചലച്ചിത്രങ്ങളുടെയും, അന്യഭാഷാ ചിത്രങ്ങളുടെയും പ്രീ-പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ ഹബ്ബായി മാറുന്നതാണ്. |
| (ബി) | ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിച്ച് മലയാള ചലച്ചിത്രങ്ങൾ ഉൾപ്പെടെയുള്ളവയുടെ പ്രധാന പ്രീ-പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ കേന്ദ്രം ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ചിത്രാഞ്ജലി സ്റ്റുഡിയോ അന്തർദേശീയ നിലവാരത്തിലാക്കുവാൻ ‘Modernization of Chitranjali Studio’ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കിഫ്ബി മുഖേനയാണ് പദ്ധതിയ്ക്ക് ഫണ്ട് അനുവദിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി അറ്റ്മോസ് സൗണ്ട് മിക്സിംഗ് തിയേറ്റർ, ഡബ്ബിംഗ് സ്യൂട്ടുകൾ, എഫക്ട്സ്-ഫോളി സ്റ്റുഡിയോ, എഡിറ്റിംഗ് സ്യൂട്ടുകൾ, ഡിജിറ്റൽ ഇന്റർമീഡിയറ്റ് സ്യൂട്ടുകൾ, ഇക്യുപ്മെന്റ് സ്റ്റോറേജ് ഏരിയ, ഗ്രീൻമാറ്റ് |

| | | | |
|---|---|---|---|
| | | | സ്റ്റുഡിയോ, കാന്റീൻ എന്നിവയുടെ നിർമ്മാണവും ഷൂട്ടിംഗ് ഫ്ളോറുകളുടെ നവീകരണവും പുരോഗമിക്കുന്നു. ഡിജിറ്റൽ ക്യാമറകൾ, ലെൻസുകൾ, ലൈറ്റുകൾ, മറ്റ് ഷൂട്ടിംഗ് ഉപകരണങ്ങൾ, ഔട്ട്ഡോർ യൂണിറ്റ് വാഹനങ്ങൾ എന്നിവ വാങ്ങുന്നതും ആദ്യഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ചിത്രാഞ്ജലി സ്റ്റുഡിയോ മലയാള ചലച്ചിത്രങ്ങളുടെയും, അന്യഭാഷാ ചിത്രങ്ങളുടെയും പ്രീ-പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ ഹബ്ബായി മാറുന്നതാണ്. |
| (സി) | സിനിമാ നിർമ്മാണത്തിന്റെ വിവിധ വശങ്ങൾ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും മനസ്സിലാക്കുന്നതിനായി പ്രത്യേക പദ്ധതി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | മലയാള സിനിമയ്ക്ക് പുതിയ വാണിജ്യ സാധ്യതകൾ കണ്ടെത്തുന്നതിനും സിനിമ പ്രവർത്തകരുടെ അറിവ് വർധിപ്പിക്കുന്നതിന്റെ ഭാഗമായും 28-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയോട് അനുബന്ധിച്ച് പൊതുജനങ്ങൾക്കായി 'കേരള ഫിലിം മാർക്കറ്റ്'' എന്ന ഒരു ആശയത്തിന് കെ.എസ്.എഫ്.ഡി.സി തുടക്കം കുറിച്ചു. രാജ്യത്തിനകത്തും പുറത്തുമുള്ള സിനിമാ പ്രവർത്തകരുമായി സംവദിക്കുവാനും അറിവ് വർദ്ധിപ്പിക്കുവാനും പൊതുജനങ്ങൾക്ക് കേരള ഫിലിം മാർക്കറ്റ് ഒരു വേദിയായി മാറി. കൂടാതെ ചിത്രാഞ്ജലി സ്റ്റുഡിയോയിലെ എഡിറ്റിംഗ്, സൗണ്ട് വിഭാഗങ്ങളിൽ വിദ്യാർത്ഥികൾക്കായി ഒരു മാസത്തെ ഇന്റേൺഷിപ്പും കെ.എസ്.എഫ്.ഡി.സി നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ